**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**
**തമ്പാനൂർ, തിരുവനന്തപുരം-695001**
E-mail: ceekinfo.cee@kerala.gov.in
Telephone: 0471 - 2525300

**വിജ്ഞാപനം**

**ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സിലേയ്ക്കുള്ള പ്രവേശനം-2024**
**മൂന്നാംഘട്ട അലോട്ട്മെന്റ്**
**ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം ലഭ്യമാക്കി**

ബി.ഫാം(ലാറ്ററൽ എൻട്രി) 2024 കോഴ്സിലേയ്ക്കുള്ള മൂന്നാംഘട്ട അലോട്ട്മെന്റ് ചുവടെ ചേർത്തിരിക്കുന്ന സമയക്രമം അനുസരിച്ച് നടത്തുന്നതാണ്. ഈ ഘട്ടത്തിൽ, അപേക്ഷകർക്ക് പുതിയതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. രണ്ടാംഘട്ട അലോട്ട്മെന്റിന് ശേഷം ഒഴിവുള്ള സീറ്റുകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൗൺസിലിംഗിനിടെ ഉണ്ടായേക്കാവുന്ന ഒഴിവുകൾ കൂടി ഇപ്പോൾ നൽകുന്ന ഓപ്ഷനുകളെ അടിസ്ഥാനമാക്കി നികത്തപ്പെടുന്നതിനാൽ, വിജ്ഞാപനം ചെയ്യുന്ന ഒഴിവുകളുടെ നില പരിഗണിക്കാതെ, അലോട്ട്മെന്റ് ലഭിച്ചാൽ ചേരാൻ ആഗ്രഹിക്കുന്ന എല്ലാ കോളേജുകളിലേക്കും ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. വിവിധ കാറ്റഗറി സീറ്റുകളിൽ ആവശ്യമായ ഓപ്ഷനുകൾ ലഭ്യമല്ലെങ്കിൽ അത്തരം സീറ്റുകളുടെ കൺവെർഷൻ മൂന്നാംഘട്ടത്തിൽ നടത്തുന്നതാണ്. ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുമ്പോൾ, ബാധകമായ കാറ്റഗറി കൺവേർഷനുകൾ കാരണം ഉണ്ടാകാൻ സാധ്യതയുള്ള ഒഴിവുകൾകൂടി കണക്കിലെടുത്ത് ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്. മൂന്നാംഘട്ട അലോട്ട്മെന്റിനെ തുടർന്ന് സ്പേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റുകൾ നടത്തുന്നുവെങ്കിൽ അതിനായി ഈ ഘട്ടത്തിൽ നൽകുന്ന ഓപ്ഷനുകൾ മാത്രമേ പരിഗണിക്കുകയുള്ളൂ.

**മൂന്നാംഘട്ട അലോട്ട്മെന്റിന്റെ താത്ക്കാലിക ഷെഡ്യൂൾ ചുവടെ നൽകിയിരിക്കുന്നു.**

| | |
|---|---|
| 05.02.2025 | ഓൺലൈൻ ഓപ്ഷൻ സൗകര്യം ആരംഭിക്കുന്നു. |
| 08.02.2025 | ഓപ്ഷനുകൾ ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം അവസാനിക്കുന്നു. |
| 10.02.2025 | മൂന്നാംഘട്ട താത്ക്കാലിക അലോട്ട്മെന്റ് പ്രസിദ്ധീകരണം |
| 11.02.2025 | മൂന്നാംഘട്ട അന്തിമ അലോട്ട്മെന്റ് പ്രസിദ്ധീകരണം |
| 12.02.2025 to 14.02.2025, 4.00 PM | അലോട്ട്മെന്റ് ലഭിക്കുന്ന എല്ലാ വിദ്യാർത്ഥികളും ആവശ്യമായ രേഖകൾ സഹിതം അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ 14.02.2025, 4.00 PM നു മുൻപ് പ്രവേശനം നേടേണ്ടതാണ്. |

| | |
|---|---|
| 14.02.2025, 5.00 PM | കോളേജ് അധികാരികൾ ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (OAMS) വഴി പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ ലിസ്റ്റ് അംഗീകരിക്കുകയും CEE-ക്ക് സമർപ്പിക്കുകയും ചെയ്യേണ്ടതാണ്. |

ബി.ഫാം(ലാറ്ററൽ എൻട്രി)-2024 ന്റെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാവർക്കും ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാൻ അർഹതയുണ്ട്. എന്നിരുന്നാലും 1, 2 ഘട്ടങ്ങളിൽ ഇതിനകം പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് മൂന്നാംഘട്ടത്തിൽ അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം അവരുടെ നിലവിലുള്ള അലോട്ട്മെന്റ്/പ്രവേശനം റദ്ദാക്കപ്പെടുന്നതാണ്. അത്തരം വിദ്യാർത്ഥികൾ പുതുതായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ പ്രവേശനം നേടേണ്ടതാണ്. അതിനാൽ നിലവിൽ പ്രവേശനം ലഭിച്ചിട്ടുള്ളവർ ഈ ഘട്ടത്തിൽ ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുമ്പോൾ അതീവ ശ്രദ്ധ പുലർത്തേണ്ടതാണ്.

**ഹെൽപ് ലൈൻ നമ്പർ : 0471 2525300**

Signed by
Arun S Nair
Date: 05-02-2025 22:22:26
**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
05-02-2025